പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3343 — 29-01-2014 ൽ മറുപടിക്ക്

## നരിക്കുഴി ചിറക്കാമറ്റം തോടിന്റെ സംരക്ഷണ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോസ് തെറ്റയിൽ | ശ്രീ.കെ.പി. മോഹനൻ (കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ)നെൽക്കൃഷിവികസന പദ്ധതിയിൽപ്പെടുത്തി നബാർഡിന്റെ സഹായത്തോടുകൂടി മഞ്ഞപ്ര ഗ്രാമപഞ്ചായത്തിലെ നരിക്കുഴി ചിറക്കാമറ്റം തോടിന്റെ ഇരുവശവും കെട്ടി സംരക്ഷിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ച 7.65 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ; | (എ) പ്രസ്തുത പ്രവൃത്തിയുടെ മൂന്നാം റീച്ചിന്റെ 4760 മീറ്റർ കരിങ്കൽ ഭിത്തി നിർമ്മാണത്തിന്റെ അവസാന ഭാഗത്തുള്ള 80 മീറ്റർ ഒഴികെ ബാക്കി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 80 മീറ്ററിൽ വരുന്ന തോടിന്റെ പാർശ്വവശത്തെ ഗുണഭോക്താവും പഞ്ചായത്തും തമ്മിൽ തോടിന്റെ അതിരു സംബന്ധിച്ച് തർക്കം നില നിൽക്കുന്നതിനാൽ പണികൾ നിർത്തിവച്ചിരിക്കുകയാണ്. |
| (ബി) ഈ പ്രവൃത്തി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 2014 മാർച്ചിൽ അവസാനിക്കുകയാണ്. തർക്കം തീരുമാനമാകുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തിയാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ